(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ-9/914/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തീയതി:04.07.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

സർ,
വിഷയം :- ഇരട്ടയാർ ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്
***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ-9/914/2017 തിയതി:04.07.2017

# ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 22.12.2016 മുതൽ 21.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.6.2017 മുതൽ 28.6.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ധനജയൻ ടി എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജീവ് എം എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അനീറ്റാ പി സാമുവൽ | സി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ആനിയമ്മ ജോസഫ് | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ. പി എസ് വിനയൻ | 1.4.2016 മുതൽ 4.1.2017 വരെ |
| | ശ്രീ. കെ രാജു | 5.1.2017 മുതൽ 31.3.2017 വരെ |
| അസ്സി. എഞ്ചിനിയർ | ശ്രീമതി. ശ്രീന എ എസ് | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. സജിന എസ്.യു | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ശ്രീകുമാർ എസ് | 01.04.2016 മുതൽ 09.12.2016 വരെ |
| | ശ്രീമതി ആര്യാംബ തൈനിയിൽ (ഇൻ-ചാർജ്ജ്) | 10.02.2016 മുതൽ 31.01.2017 വരെ |
| | ശ്രീമതി. പ്രീയ പീറ്റർ | 01.02.2017 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. ടെസ്സി തോമസ് | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ | ശ്രീ അജീഷ് കുര്യൻ | 1.4.2016 മുതൽ 30.11.2016 വരെ |
| | ശ്രീമതി. ലളിത കെ | 1.12.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ലക്ഷ്മി ടി ജി | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ശ്രീപ്രിയാ ജെ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബിന്ദു എസ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ ജിനേഷ് മേനോൻ | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജോർജ് എം.എൽ | 1.4.2016 മുതൽ 31.3.2017 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തി വിശകലനം | 1-4 |
| 5 | ഫണ്ട് വിനയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക ധനകാര്യപത്രിക സംബന്ധിച്ച അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. | 2-1 |
| 14 | ടെണ്ടർ ഫാറത്തിന്റെ വില ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല. | 2-2 |
| | ഭാഗം 3 | |
| 15 | പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ | 3-1 |
| 16 | മരുന്നുകൾ ലഭ്യമാകാത്തത് | 3-2 |
| 17 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് നൽകിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തടസ്സം | 3-3 |
| 18 | വെള്ളക്കരം- പൊതുടാപ്പുകളുടെ കണക്ക് ലഭ്യമല്ല. | 3-4 |
| 19 | പത്രപ്പരസ്യം-പരസ്യക്കൂലിയ്ക്ക് ഡിസ്കൗണ്ട് നേടാതെ മുഴുവൻ തുകയും നല്കിയതിനാൽ ₹2250/- നഷ്ടം. | 3-5 |
| | ഭാഗം 4 | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഇത് പ്രാകരം ആകെ വരവ് ₹78045000/-ഉം ആകെ ചെലവ് ₹82449280/-ഉം നീക്കിയിരിപ്പ് ₹589439/-ഉം ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 3.5.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം - 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10258391 |
| വരവ് | 55372278 |
| ആകെ | 65630669 |
| ചെലവ് | 51989359 |
| നീക്കിയിരിപ്പ് | 13641310 |

## 1-5 ഫണ്ട് വിനിയോഗം (എസി.ആർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10474551 | 10474551 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1727052 | 1462910 | 84.7 |
| വികസനഫണ്ട് ടി.എസ്.പി. | 122142 | 60590 | 49.6 |
| സംരക്ഷണഗ്രാന്റ് റോഡ് | 7827237 | 2537135 | 32.41 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3396060 | 2266807 | 66.75 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5873859 | 5244378 | 89.28 |
| ലോക ബാങ്ക് | 3076239 | 0 | 0 |
| ബി ഫണ്ട് | 22526405 | 22526405 | 100 |
| എം.ജി.എൻ.ആർ.ജി.എസ് | 38513932 | 38509472 | 99.98 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 59452054 | 78 | 32000978 | 5 | 51 | 58.21 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2769343 | 3504695 | + 735352 | + 25.55 |
| നികുതിയേതര വരവുകൾ | 721768 | 970393 | + 248625 | + 34.44 |
| മറ്റു വരവുകൾ | 264884 | 264136 | -748 | - 0.28 |
| ആകെ | 3755995 | 4739224 | 983229 | 26.17 |

തനത് വരുമാനത്തിൽ സ്ഥാപനത്തിന് 26.17% ന്റെ വർദ്ധനവുണ്ടായിട്ടുണ്ട്

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47880 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 1396940 | 173 |
| വിധവാപെൻഷൻ | 5078010 | 507 |
| വാർദ്ധക്യകാലപെൻഷൻ | 13029230 | 1242 |
| വികലാംഗപെൻഷൻ | 2760545 | 264 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 153800 | 16 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹2628/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെയും ഫയലുകൾ എന്നിവയുടെ സൂക്ഷിപ്പ്.
രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ സൂക്ഷിക്കുന്നത് തൃപ്തികരമായാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

എല്ലാ വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകൾ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകൾ നടത്തുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമുള്ള വേദികളായി മാറുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.5.2017 മുതൽ 11.5.2017 വരെ | 4/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.06.2009 മുതൽ 16.6.2009 വരെ | 2004-05 മുതൽ 2008-09 വരെ | എൽ.ബി.എ(എച്ച്.ക്യു)/11/8എ-1423/96 തീയതി 14.07.2009 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

2. വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. ഇ.എം.എസ്. വായ്പ രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്നും 2015-16 വർഷം മുതൽ

വസ്തുനികുതി ഈടാക്കുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | സ്ഥാപനം (സ്ഥലം ഉടമസ്ഥന്റെ പേര്) | വർഷം | നികുതി |
|---|---|---|---|---|
| 1 | 4/425 ബി | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 2015-16 | 23678 |
| | | | 2016-17 | 23678 |
| | | | ആകെ | 47356 |

ഈടാക്കുവാൻ അവശേഷിക്കുന്ന വസ്തു നികുതി കാലഹരണപ്പെട്ട് പോകാതെ മൊബൈൽ ടവറിന്റെ ഉടമസ്ഥനിൽ നിന്നും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-2 ടെണ്ടർ ഫാറത്തിന്റെ വില പഞ്ചായത്തിന് ലഭിക്കുന്നില്ല.

ഓഡിറ്റ് വർഷത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിരിക്കുന്ന പ്രവർത്തികളുടെ ടെണ്ടർ ഫാറത്തിന്റെ വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈൻ സംവിധാനത്തിലൂടെ ഒടുക്കിയിരിക്കുന്നത്. എന്നാൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ടെണ്ടർ ഫാറത്തിന്റെ വില ഗ്രാമപഞ്ചായത്തിലാണ് ഒടുക്കേണ്ടത്. ആയതിനാൽ ടെണ്ടർ ഫാറത്തിന്റെ വിലയായി ജില്ലാപഞ്ചായത്തിൽ ഒടുക്കിയിരിക്കുന്ന തുക തിരികെ ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇ-ടെണ്ടർ മുഖേനയുള്ള പ്രവർത്തികളുടെ ടെണ്ടർ ഫാറത്തിന്റെ വില സംബന്ധിച്ച് പ്രത്യേകം കണക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ടെണ്ടർഫോറത്തിന്റെ വാറ്റ് ഇനത്തിലുള്ള തുകയും ജില്ലാപഞ്ചായത്തിലാണ് ഒടുക്കിയിരിക്കുന്നത്. ഈ തുക സംസ്ഥാന സർക്കാരിൽ ഒടുക്കിയതിന്റെ വിശദാംശംങ്ങളും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 112/14,119/17 |
| അടങ്കൽ | ₹75,00,000. |
| ചെക്ക്.നം | 765278/14.03.2016- ₹7,50,000/-<br>689578/17.10.2016-₹30,83,300/- |
| കരാർ നം | 30/AE/LSGD/ETR/14-15. dt.07.10.14 |

2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മിതി കേന്ദ്രം മുഖേന നിർമ്മാണം ആരംഭിച്ച പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ജി.ഒ(ആർ.ടി) 244/2013 തസ്വഭവ തീ. 30.01.2013 പ്രകാരം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ നിർമ്മിതികേന്ദ്രയുടെ തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ മാത്രമാണ് നിർമ്മിതികേന്ദ്രയെ ഏൽപ്പിക്കാവുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി തനത് സാങ്കേതികവിദ്യ ആവശ്യമില്ലാത്ത പ്രവൃത്തി പ്രസ്തുത ഏജൻസിയെ ഏൽപ്പിച്ചിരിക്കുന്നു. പ്രവൃത്തി പൂർത്തികരിക്കുമ്പോൾ കരാർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 2.5% സെന്റേജ് ചാർജായി നിർമ്മിതികേന്ദ്രക്ക് നൽകേണ്ടതാണ്. മേൽ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാൽ ഈ ഇനത്തിൽ 75,00,000/- x 2.5%=₹1,87,500/- പഞ്ചായത്തിന് അധിക ചെലവുണ്ടാകും. ഓപ്പൺ ടെണ്ടറിംഗ് നടത്താതെ കൃത്യമായ ഏജൻസിയെ നിർണ്ണയിച്ച് പദ്ധതി നിർവ്വഹണം ഏൽപ്പിച്ചതിനാൽ ടെണ്ടറിംഗിലെ മത്സരം ഒഴിവാകുകയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞനിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവസരം നഷ്ടമാവുകയും ചെയ്തിരിക്കുന്നു. ഇതുമൂലമുണ്ടായ നഷ്ടം കൃത്യമായി നിർണ്ണയിക്കാനാവുന്നതല്ല. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

2. Tc No.PL(6)32506/86 dt.06.11.1991 of CE (B&R) Tvm ഉത്തരവ് പ്രകാരം 50 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് താലൂക്ക് തല ആവറേജ് കൺവേയൻസിന് പകരം യഥാർത്ഥകൺവേയൻസ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇത്തരത്തിൽ ചെയ്യാതെ ആവറേജ് കൺവേയൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തിയുടെ നിർവ്വഹണം നടത്തിക്കോണ്ടിരിക്കുന്നു. അളവ് ബുക്കിൽ III rd and Final Bill തുക ₹12,18,444/- നൽകുന്നതിനുള്ള മെമ്മോറാണ്ടം തയ്യാറാക്കിയിരിക്കുന്നു. അവസാന ബിൽതുക നൽകുന്നതിന് മുൻപായി ആവറേജ് കൺവേയൻസ് കണക്കാക്കിയതിലൂടെ അധികമായി വന്നതുക കണക്കാക്കേണ്ടതും അയത് കുറവ് ചെയ്ത് മാത്രം ഫൈനൽ ബിൽതുക അനുവദിക്കേണ്ടതുമാണ്.

## 3-2 മരുന്നുകൾ ലഭ്യമാകാത്തത്

ഗ്രാമപഞ്ചായത്തിലെ താഴെപറയുന്ന സ്ഥാപനങ്ങളിൽ തൻവർഷം മരുന്ന് വാങ്ങലിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണം-ഹോമിയോമെഡിക്കൽ ഓഫീസർ

| പ്രോജക്ട്\നംപർ | ബിൽ നം\തുക | തുക നൽകിയത് | ഡി.ഡി നം./തിയതി |
|---|---|---|---|
| S0013/17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 01/16-17 ₹80000/- | മാനേജിംഗ് ഡയറക്ടർ, ഹോംകോ | 769986/തി27.12.16 |

നിർവ്വഹണം -മെഡിക്കൽ ഓഫീസർ പി.എച്ച്.സി

| പ്രോജക്ട്/നംപർ | ബിൽ നം/തുക | തുക നൽകിയത് | ബാങ്ക് അക് നം/തി |
|---|---|---|---|

| | | | |
|---|---|---|---|
| S0027/17,പാലിയേററീവ് കെയർ | 5/2016-17 ₹141624/- | മാനേജർ,ഔഷധി(₹15000) | 591300590000015 |
| " | " | മാനേജർ ,കെ.എം.എസ്.സി ltd tvpm(₹113415/-) | 3624001800000019 |
| 159/17 ചെമ്പകപ്പാറ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 10/16-17 ₹77300/- | മാനേജർ ,കെ.എം.എസ്.സി ltd tvpm | 3624001800000019 |

താമസംവിനാ മരുന്ന് ലഭ്യമാക്കാൻനടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് നൽകിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തടസ്സം

സർക്കാർ ഉത്തരവ്(എം എസ്)നം188/2015 ത.സ്വ.ഭ.വ. തീയതി. 08.06.2015 ന്റെ അടിസ്ഥാനത്തിൽ നെടുങ്കണ്ടം പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് 15.11.2016ലെ ഡി ഡി നം.02007085 (വൗച്ചർ നം. 21600692/15.11.2016) പ്രകാരം ₹10000/- നല്കിയിട്ടുണ്ട്. ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് ഈ തുകയ്ക്ക് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 വെള്ളക്കരം- പൊതുടാപ്പുകളുടെ കണക്ക് ലഭ്യമല്ല.

പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം ₹25813/- നിരക്കിൽ ആകെ ₹309756/- തൻവർഷം കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഉപയോഗിക്കുന്ന ടാപ്പുകളെ സംബന്ധിക്കുന്ന കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. അടിയന്തിരമായി വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയർക്ക് അപേക്ഷ നല്കി പൊതു ടാപ്പുകളുടെ നിലവിലെ അവസ്ഥ സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഭാവിയിലെ വെള്ളക്കരം അതിന്റെ അടിസ്ഥാനത്തിൽ മാത്രം ഒടുക്കേണ്ടതും രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 3-5 പത്രപ്പരസ്യം-പരസ്യക്കൂലിയ്ക്ക് ഡിസ്കൗണ്ട് നേടാതെ മുഴുവൻ തുകയും നല്കിയതിനാൽ ₹2250/- നഷ്ടം.

ജി.ഒ(ആർ.ടി)288/2014/പി&എ.ആർ.ഡി 10-9-14 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്ക് എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച് പരസ്യങ്ങൾ പി&എ.ആർ.ഡി വകുപ്പ് മുഖേന നല്കിയാലും നേരിട്ടു നല്കിയാലും 15 % ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ മലയാള മനോരമ ദിനപ്പത്രത്തിൽ

ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള വിൻഡോ പരസ്യം നല്കിയതിന് വൗച്ചർ നം.21601128 തീ.22.03.2017 പ്രകാരം ₹15000/- ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.കൊടുത്തിരിക്കുന്ന പത്ര പരസ്യത്തിന് ബിൽ തുക നല്കിയപ്പോൾ തുകയിൽ 15% കുറവ് ലഭിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് ഡിസ്കൗണ്ട് നേടാതെ അധികം നൽകിയ 2250/-രൂപ മലയാള മനോരമ ദിനപത്രം പക്കൽ നിന്ന് തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഡിസ്കൗണ്ട് ലഭ്യമാക്കി പരസ്യം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കട്ടപ്പന | 2016-17 | 60000 | 108/17 കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | 0 | 60000 |
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2016-17 | 195000 | 96/17 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 195000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

-ഇല്ല-

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാധാ) നം.229/2010 ത.സ്വ.ഭ.വ തീയതി 21.1.2010 | 10489800 | 2395440 | 1048980 | 13,46,460 |

| | | | | | |
|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | 300607/ഡിബി 1/15 ത.സ്വ.ഭ.വ തീയതി 11.11.2015 | 2800000 | 360000 | 280000 | 19,60,000 |

തൻവർഷം 1880000/-രൂപ ലോൺ ലഭിച്ചിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രശീത് നം/തീയതി |
|---|---|---|---|---|
| 2009-10 | 3-5 | 24367 | പി. പ്രഭാകരൻ, റിട്ട .സെക്രട്ടറി | 11601400010/18.10.2016 |
| 2009-10 | 3-5 | 49000 | പി. പ്രഭാകരൻ, റിട്ട .സെക്രട്ടറി | 116014000/18.10.2016 |
| 1996-97 | 30 | 295 | പി എ അന്നമ്മ, സെക്രട്ടറി | 11601101706/12.1.2017 |
| 1996-97 | 33 | 202 | പി എ അന്നമ്മ സെക്രട്ടറി | 11601101707/12.1.2017 |
| 1996-97 | 34 | 24 | പി എ അന്നമ്മ സെക്രട്ടറി | 11601101708/12.1.2017 |
| 1998-99 | 24 എ | 11 | പി റ്റി ജോസഫ്, സെക്രട്ടറി | 11601101709/12.1.2017 |
| 1998-99 | 24 ബി | 265 | കെ കെ ശശിധരൻ സെക്രട്ടറി | 11601101710/12.1.2017 |
| 1998-99 | 25 | 376 | പി റ്റി ജോസഫ്, സെക്രട്ടറി | 11601101711/12.1.2017 |
| 1998-9 | 26 | 300 | കെ കെ ശശിധരൻ, സെക്രട്ടറി | 11601101712/12.1.2017 |
| 1998-99 | 27 ബി | 48 | ടി കെ ഹരിലാൽ സെക്രട്ടറി | 11601101713/12.1.2017 |
| 1998-99 | 24 ബി | 14 | കെ കെ ശശിധരൻ സെക്രട്ടറി | 11601101714/12.1.2017 |
| 1998-99 | 24 ബി | 198 | പി റ്റി ജോസഫ്, സെക്രട്ടറി | 11601101715/12.1.2017 |
| 1999-2000 | 20 | 55 | പി റ്റി ജോസഫ് സെക്രട്ടറി | 11601101722/12.1.2017 |
| 2013-14 | 3-1 | 1990 | ജോസഫ് തോമസ്, അസി. | 11601101783/21.1.2016 |

| | | | | |
|---|---|---|---|---|
| | | | എഞ്ചിനിയിർ | |
| 1997-98 | 20 എ | 30 | കെ കെ ശശിധരൻ, സെക്രട്ടറി | 11601101869/4.2.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

-ഇല്ല-

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,53,72,278 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,19,89,359 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹10,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | ₹10,000 | ശ്രീ പി എസ് വിനയൻ സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1990-91 | എൽ.എഫ്.ഐ-6/199/1993 തി.26.03.1993 | |
| 1990-91 | എൽ.എഫ്.ഐ-6/199/1993 തി.26.03.1993 | |
| 1995-96 | എൽ.എഫ്.ഐ-6/174//1999 തി.30.04.1999 | |
| 1996-97 | എൽ.എഫ്.ഐ-6/342/1993 തി.31.05.1999 | |
| 1997-98 | എൽ.എഫ്.ഐ-6/74/1998 തി.20.08.2000 | |
| 1998-99 | എൽ.എഫ്.ഐ-6/429/2000 തി.25.10.2000 | |
| 1999-00 | എൽ.എഫ്.ഐ-6/449/2001 തി.01.02.2002 | |
| 2000-01 | എൽ.എഫ്.ഐ-6/726/2002 തി.26.03.2003 | |
| 2001-02 | എൽ.എഫ്.ഐ-6/17/2004 തി.07.07.2004 | |
| 2002-03 | എൽ.എഫ്.ഐ-6/596/2004 തി.05.01.2005 | |
| 2003-04 | എൽ.എഫ്.ഐ-6/603/2005 തി.13.03.2006 | |
| 2004-05 | എൽ.എഫ്.ഐ-6/947/2006 തി.06.07.2007 | |
| 2005-06 | എൽ.എഫ്.ഐ-6/1054/2007 തി.14.08.2008 | |
| 2006-07 | എൽ.എഫ്.ഐ-6/885/2008 തി.01.07.2009 | |
| 2007-08 | എൽ.എഫ്.ഐ-6/244/2009 തി.15.03.2010 | |
| 2008-09 | എൽ.എഫ്.ഐ-9/755/2010 തി.15.09.2012 | |
| 2009-10 | എൽ.എഫ്.ഐ-9/82/2012 തി.15.09.2012 | |
| 2010-11 | എൽ.എഫ്.ഐ-9/83/2012 തി.07.09.2012 | |
| 2011-12 | എൽ.എഫ്.ഐ-9/109/2013 തി.12.06.2014 | |
| 2012-13 | എൽ.എഫ്.ഐ-9/1021/2014 തി.12.12.2014 | |
| 2013-14 | എൽ.എഫ്.ഐ-9/486/2015 തി.30.07.2015 | |
| 2014-15 | എൽ.എഫ്.ഐ-9/145/2016 തി.28.03.2016 | |

| | | |
|---|---|---|
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ-9/1711/2016 തീയതി 30.12.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ- 9/914/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ,തിയതി:04.07.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ഇരട്ടയാർ ഗ്രാമപഞ്ചായ ത്തിന്റെ 2016-2017 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# AUDIT CERTIFICATE

No.KSA-IDK-9/914/2017

Kerala State Audit Department
District Audit Office,Idukki
Dated:04.07.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Erattayar Grama Panchayat in Idukki district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts Panchayat Raj Institutions.

In my opinion, the Financial Statements of Erattayar Gama Panchayat for the 2016-2017 except the observations in my Audit Report properly presents the picture of Income and Expenditure.

DEPUTY DIRECTOR
IDUKKI